**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **22-07-2021 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എ. രാജ,<br>ശ്രീ ജി സ്റ്റീഫൻ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിനെ ആധുനികീകരിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന പരിപാടികൾ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്നു. 1) വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ സ്വയം ആധാരം തയാറാക്കുന്നതിനുള്ള നിയമഭേദഗതി 2) സ്വയം ആധാരം തയ്യാറാക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനും സബ് രജിസ്ട്രാർ ഓഫീസിൽ ഫയൽ ചെയ്യുന്ന ആധാരപകർപ്പുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നതിനുമായി ഫയലിംഗ് ഷീറ്റുകളുടെ രൂപം എ3 സൈസിൽ നിന്നും എ4 സൈസിലേക്ക് മാറ്റിയിരുന്നു. 3) സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ് സൗകര്യം ഒരുക്കുകയും സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പോസ് ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. 4) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം. 5) ആധാര രജിസ്ട്രേഷൻ നടത്തേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കൺ ഓൺലൈനായി എടുക്കുന്നതിനുള്ള സൗകര്യം 6) വകുപ്പ് ആസ്ഥാന ഓഫീസിൽ ഇ-ഓഫീസ് സൗകര്യം നടപ്പിലാക്കി 7) സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം 8) KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം 9) സബ് രജിസ്ട്രാർ ഓഫീസുകളിൽ പോകാതെതന്നെ ആധാരപ്പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ പരീക്ഷണ പരിപാടികൾക്ക് തുടക്കം കുറിച്ചു 10) മുൻ ആധാര |

വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 'അനശ്വര' എന്ന പദ്ധതി 6 ജില്ലകളിൽ ആരംഭിച്ചു. 11) 51 സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കിഫ്ബി പദ്ധതിയിലൂടെ സ്വന്തം കെട്ടിട നിർമ്മാണം ആരംഭിക്കുകയും അതിൽപ്പെട്ട 29 സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു 12) സബ് രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് മുറികൾ നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 37 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു. 13) പാർട്ണർഷിപ്പ് രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സൗകര്യമൊരുക്കി 14) സൊസൈറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സൗകര്യം 15) ഒരു ജില്ലയിലുള്ള ഏത് ആധാരവും അതേ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സൗകര്യം മേൽ വിവരിച്ച പരിപാടികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന പരിഷ്കാരങ്ങളും വകുപ്പിന്റെ പരിഗണനയിലാണ്. 1) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം 2) ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം 3) രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം 4) മുൻ ആധാരവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കും 5) ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം 6) വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും 7) പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനാക്കും 8) ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം 9) സംസ്ഥാനത്തിന്റെ Ease of doing business പരിപാടികളുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിന രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തും 10) തെരഞ്ഞെടുക്കപ്പെടുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ ISO നിലവാരത്തിലേയ്ക്കുയർത്തും 11) ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. 12) രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും 13) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം 14) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും 15) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും ജനസൗഹാർദ്ധമാക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കും 16) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും 17) റവന്യൂ-സർവ്വെ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം 18) രജിസ്ട്രേഷൻ റവന്യൂ സർവ്വെ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം 19) നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി |
| (ബി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ സാരമായ പങ്ക് നൽകുന്ന രജിസ്ട്രേഷൻ വകുപ്പിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (ബി) | 1) എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം 2) ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം 3) രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം 4) മുൻ ആധാരവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലകളിലും നടപ്പിലാക്കും 5) ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം 6) വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും 7) പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനാക്കും 8) ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം 9) സംസ്ഥാനത്തിന്റെ Ease of doing business പരിപാടികളുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിന രജിസ്ട്രേഷൻ ഏർപ്പെടുത്തും 10) തെരഞ്ഞെടുക്കപ്പെടുന്ന സബ് രജിസ്ട്രാർ ഓഫീസുകൾ ISO നിലവാരത്തിലേയ്ക്കുയർത്തും 11) ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. 12) രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും 13) രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം 14) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും 15) എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും ജനസൗഹാർദ്ധമാക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കും 16) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും 17) റവന്യൂ-സർവ്വെ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം 18) രജിസ്ട്രേഷൻ റവന്യൂ സർവ്വെ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം 19) നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി |
| (സി) | രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക സാങ്കേതിക | (സി) | കമ്പ്യൂട്ടർവൽകൃത രജിസ്ട്രേഷൻ സംവിധാനം കൂടുതൽ |

| | | | |
|---|---|---|---|
| | വിദ്യയുടെ പ്രയോഗം കാര്യക്ഷമവും സുതാര്യവും അതോടൊപ്പം സുരക്ഷിതവുമായിരിക്കുമെന്ന് ഉറപ്പുവരുത്താൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; അറിയിക്കുമോ? | | സുതാര്യവും ഡിജിറ്റൽ ഇടപാടുകൾക്ക് സുരക്ഷിതത്വവും ഉറപ്പാക്കിക്കൊണ്ട് നിലവിലെ സംവിധാനം കുറ്റമറ്റതാക്കുക എന്ന ലക്ഷ്യവും മുൻ നിർത്തിക്കൊണ്ട് നിലവിലെ ഓൺലൈൻ സംവിധാനം ആധുനിക സാങ്കേതിക വിദ്യയായ ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ